# പതിമൂന്നാം കേരള നിയമസഭ

## ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1070. 13.6.2013 ൽ മറുപടിക്ക്

### കോളേജുകളുടെ സ്വയംഭരണാവകാശം

**ചോദ്യം**

ശ്രീ. ശ്രീ. സി. ദിവാകരൻ:

ശ്രീ. ചിറ്റയം ഗോപകുമാർ:

ശ്രീ. വി. ശശി:

ശ്രീമതി. ഗീതാഗോപി:

**മറുപടി**

ശ്രീ.പി.കെ. അബ്ദുറബ്ബ്

(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| എ) | സംസ്ഥാനത്തെ ആർട്സ് ആന്റ് സയൻസ് കോളേജുകൾക്കും എഞ്ചിനീയറിംഗ് കോളേജുകൾക്കും സ്വയംഭരണാവകാശം നൽകാൻ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ, ഇതിന് സ്വീകരിക്കുന്ന മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | എ) | ഉണ്ട്. സ്വയംഭരണാവകാശം നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു.<br>1. അക്കാദമികവും ഭരണപരവുമായ മികച്ച പ്രവർത്തന മികവോടെ കുറഞ്ഞത് പത്ത് വർഷമെങ്കിലും പ്രവർത്തിച്ചു വരുന്ന കോളേജായിരിക്കണം.<br>2. NAAC ന്റെ എ ഗ്രേഡ് അക്രിഡിറ്റേഷൻ നേടിയിരിക്കണം.<br>3. കോളേജിലെ 1/3 അദ്ധ്യാപകർ എം.ഫിൽ/പി.എച്ച്.ഡി. തുടങ്ങിയ ഗവേഷണ യോഗ്യതകൾ നേടിയവരാകണം.<br>4. കോളേജിൽ ബിരുദതലത്തിലും ബിരുദാനന്തരബിരുദ തലത്തിലുമുള്ള പഠനപ്രവർത്തനങ്ങൾ ഉണ്ടാകണം.<br>5. സർവ്വകലാശാല പരീക്ഷകൾ, യുവജനോത്സവങ്ങൾ, സ്പോർട്സ് & ഗെയിംസ്, എക്സ്റ്റൻഷൻ പ്രവർത്തനങ്ങൾ, കമ്മ്യൂണിറ്റി പ്രവർത്തനങ്ങൾ എന്നിവയിൽ മുൻകാലങ്ങളിൽ മികച്ച പ്രവർത്തനം നടത്തിയ കോളേജായിരിക്കണം<br>6. ലൈബ്രറി, ഹോസ്റ്റൽ സൗകര്യങ്ങൾ, ഉപകരണങ്ങൾ, സ്റ്റാഫ് ക്വാർട്ടേഴ്സ്, ഐ.സി.റ്റി സഹായത്തോടെയുള്ള സേവനങ്ങൾ തുടങ്ങി പര്യാപ്തമായ അക്കാദമികവും ഭൗതികവും സാങ്കേതികവുമായ അടിസ്ഥാന സൗകര്യങ്ങളുള്ള കോളേജുകളായിരിക്കണം.<br>7. കോളേജുകൾക്ക് ഉന്നത നിലവാരം |

| | | | |
|---|---|---|---|
| | | | പുലർത്തുന്ന സ്ഥാപന ഭരണ സംവിധാനം, ഭരണ പരിശീലനം, സേവന സംസ്കാരം, അച്ചടക്കം, പരിഷ്കരണത്തിനുള്ള മുൻകൈയെടുക്കൽ, അംഗീകൃത മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ അദ്ധ്യാപകരുടെയും സ്റ്റാഫിന്റെയും വിദ്യാർത്ഥികളുടെയും തെരഞ്ഞെടുക്കൽ, പരാതി പരിഹാര സംവിധാനം എന്നിവ ഉണ്ടായിരിക്കണം.<br>8. ദുർബ്ബല വിഭാഗങ്ങൾക്ക് അവകാശ തുല്യതയും വിവേചനത്തിനെതിരെ ശക്തമായ നടപടികൾ സ്വീകരിക്കുന്ന പ്രവർത്തന പരിപാടികൾ കാഴ്ചവെയ്ക്കുന്ന കോളേജുകളായിരിക്കണം.<br>9. പരീക്ഷാ സമ്പ്രദായത്തിന്റെ സത്യസന്ധത എല്ലാ അർത്ഥത്തിലും കാത്തു സൂക്ഷിക്കുന്നതിന് കോളേജുകൾ പ്രാപ്തമായിരിക്കണം.<br>10. കാലവിളംബമില്ലാതെ ചുമതലകൾ നിർവ്വഹിക്കുന്നതിനായി, സ്വയംഭരണാവകാശം നേടാൻ ആഗ്രഹിക്കുന്ന കോളേജുകൾ, തങ്ങളുടെ മാനേജ്മെന്റ്, അദ്ധ്യാപകർ, ഇതരജീവനക്കാർ, വിദ്യാർത്ഥികൾ എന്നീ വിഭാഗങ്ങളെ തയ്യാറാക്കേണ്ടതാണ്.<br>11. ഓട്ടോണമി പദവി നൽകുന്ന കോളേജുകളിൽ യുജിസി നിഷ്കർഷിക്കുന്ന തരത്തിലുള്ള ഗവേണിംഗ് ബോഡി, അക്കാദമിക് കൗൺസിൽ, ബോർഡ് ഓഫ് സ്റ്റഡീസ്, ഫിനാൻസ് കമ്മിറ്റി എന്നിവ രൂപീകരിക്കേണ്ടതാണ്. |
| ബി) | സ്വയംഭരണാവകാശത്തിനു വേണ്ടി സ്വയം ഭരണാവകാശ സമിതി രൂപീകരിച്ചിട്ടു ണ്ടോ; | ബി) | ഉണ്ട്. |
| സി) | സ്വയംഭരണാവകാശം ലഭിയ്ക്കുന്ന കോളേജുകളിലെ പരീക്ഷാ നടത്തിപ്പ് , ഫലപ്രഖ്യാപനം, സർട്ടിഫിക്കറ്റ് വിതരണം, ഫീസ് തുടങ്ങിയ അക്കാദമിക് കാര്യങ്ങളുടെ നടത്തിപ്പ് എങ്ങനെയാകുമെന്ന് വെളിപ്പെടുത്തുമോ : | സി) | കോളേജുകൾക്ക് സ്വയംഭരണാവകാശം നൽകുന്നത് സംബന്ധിച്ച് നിലവിലുള്ള യൂണിവേഴ്സിറ്റി നിയമത്തിൽ മതിയായ ഭേദഗതി വരുത്തുന്നതിനും . പ്രത്യേക കരടുരേഖ തയ്യാറാക്കുന്നതിനും വേണ്ടി അഡീഷണൽ ചീഫ് സെക്രട്ടറി (ഉന്നത വിദ്യാഭ്യാസ വകുപ്പ്), നിയമവകുപ്പ് സെക്രട്ടറി എന്നിവർ അംഗങ്ങളായ ഒരു കമ്മിറ്റി സർക്കാർ രൂപീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | |
| ഡി) | കോളേജുകളുടെ സ്വയംഭരണാവകാശം ഉന്നത പ്രൊഫഷണൽ വിദ്യാഭ്യാസ മേഖലയിൽ ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ ഉണ്ടാക്കുമെന്ന ആശങ്ക ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വ്യക്തമാക്കുമോ? | ഡി) | ഇക്കാര്യത്തിൽ ആവശ്യമെങ്കിൽ ഉചിതമായ തലത്തിൽ ചർച്ച നടത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ